പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 395 | 27.9.2011-ൽ മറുപടിക്ക്

## മാലിന്യമുക്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ഉബൈദുള്ള | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ ; | എ) മാലിന്യമുക്ത കേരളം പരിപാടിയിൽ താഴെ പറയുന്ന പദ്ധതികൾ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു.<br>1. സമ്പൂർണ്ണ ശുചിത്വ യജ്ഞം:- ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുക, ജനങ്ങളുടെ ആരോഗ്യ ബോധവും നിലവാരവും ഉയർത്തുക. സ്ത്രീകളുടെ സ്വകാര്യതയും അഭിമാന ബോധവും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആരംഭിച്ച പരിപാടിയാണ് സമ്പൂർണ്ണ ശുചിത്വ യജ്ഞം. 2005 ഓടുകൂടി ഇത് എല്ലാ ജില്ലകളിലും ആരംഭിച്ചു. 1073742 വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കാൻ ലക്ഷ്യമിട്ടതിൽ 1118561 കക്കൂസുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂളുകളിൽ 3600 ടോയ്‌ലറ്റുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 3622 സ്കൂൾ ടോയ്‌ലറ്റുകളും 4957 അംഗൻവാടി ടോയ്‌ലറ്റുകളിൽ 4659 അംഗൻവാടി ടോയ്‌ലറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്.<br>2. 5 കോർപ്പറേഷനുകളിലും, 29 മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുണ്ട്. മറ്റു നഗരസഭകൾക്കും ഭാഗികസാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പ്ലാന്റുകളിലുള്ള പോരായ്മകൾ പരിഹരിച്ച് |

അവയെ പരിസ്ഥിതി സൗഹൃദമാക്കാനും പ്ലാന്റുകൾ നിലവില്ലാത്ത നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുവാനും സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. ഇതിനായി വാർഷിക പദ്ധതിയിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ പുനരുദ്ധരിക്കുന്നതിനും കാലാകാലങ്ങളായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശാസ്ത്രീയമായി മാറ്റി ചെയ്യുന്നതിനും പരിസ്ഥിതി പരിപാലന സംവിധാനം നടപ്പിലാക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക അംഗീകാരവും ലഭ്യമാക്കി വരുന്നു.

കൂടാതെ മാലിന്യമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ഖരദ്രവമാലിന്യ സംസ്കരണത്തിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 225 നഗരസ്വഭാവമുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയുണ്ടായി. നാളിതുവരെ 146 ഗ്രാമപഞ്ചായത്തു കളിൽ ഖരമാലിന്യ പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഖരദ്രവമാലിന്യ പ്ലാന്റുകൾ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. പ്ലാന്റുകളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് പ്ലാന്റുകൾ നിലവിലില്ലാത്ത 100 നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ ഈ വർഷം തന്നെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപടി എടുത്തു വരുന്നു.

നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ പുനരുദ്ധരി ക്കുന്നതിനും കാലാകാലങ്ങളായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശാസ്ത്രീയമായി മാറ്റി ചെയ്യുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക അംഗീകാരവും ശുചിത്വ മിഷൻ വഴി ലഭ്യമാക്കി വരുന്നു.

3. സിറ്റി സാനിട്ടേഷൻ പ്ലാൻ : നാഷണൽ അർബൻ സാനിട്ടേഷൻ പോളിസിയുടെ ഭാഗമായിട്ടാണ് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നത്. നഗരങ്ങളിൽ ശുചിത്വവും ആരോഗ്യകരമായ ജീവിതവും ഉറപ്പു വരുത്തുക എന്നതാണ് പദ്ധതിയുടെ

ലക്ഷ്യം. ഇതിന്റെ ഭാഗമായി നഗരങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ നഗരസഭകളും നഗര ശുചിത്വ കർമ്മ പരിപാടി രൂപീകരിക്കുന്നു. തുടർന്ന് ശുചിത്വ സൗകര്യങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും. ഇതിനായി 20 നഗര സഭകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്ലാൻ തയ്യാറാക്കൽ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

4. ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിട്ടേഷൻ സ്കീം (ഐ.എൽ.സി.എസ്): നഗരങ്ങളിലെ ശുചിത്വവും, പൊതുജനാരോഗ്യവും പരിപാലിക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2008ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിട്ടേഷൻ സ്കീം. (ഐ.എൽ.സി.എസ്): വെളിമ്പ്രദേശത്തെ മലവിസർജ്ജനം ഒഴിവാക്കൽ, വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം എന്നിവയാണ് ലക്ഷ്യം.
5. വനിതാ വിശ്രമ സമുച്ചയം: സംസ്ഥാനത്തെ നഗരസഭകളിൽ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിനോദകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായി വനിതാവിശ്രമ സമുച്ചയം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
6. ഗേൾ ഫ്രണ്ട്ലി/ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം : പെൺകുട്ടികൾ പഠിക്കുന്ന സർക്കാർ സ്കുളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റുകളും അംഗൻവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്.
7. വഴിയോര ശുചിത്വ സമുച്ചയം: നഗര സഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

| | |
|---|---|
| ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളിലൂടെ നഗരസഭകളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. ഈ വർഷം (2011-12)ൽ പദ്ധതികൾക്ക് വിനിയോഗിക്കാൻ താഴെ പറയുന്ന പ്രകാരം തുക ചെലവഴിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| വനിതാവിശ്രമ സമുച്ചയം | - | 37.50 ലക്ഷം രൂപ |
| വഴിയോര വിശ്രമസമുച്ചയം | - | 100.00 ലക്ഷം രൂപ |
| ഐ.എൽ.സി.എസ് പദ്ധതി പ്രകാരം ടോയ്‌ലറ്റുകൾ നിർമ്മിക്കൽ | - | 666.24 ലക്ഷം രൂപ |
| സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കൽ | - | 200.00 ലക്ഷം രൂപ |
| ഖരമാലിന്യ പരിപാലനം | - | 425.00 ലക്ഷം രൂപ |
| സമ്പൂർണ്ണ ശുചിത്വ കേരളത്തിന് | - | 2584.57 ലക്ഷം രൂപ |

ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

സി) ഖരമാലിന്യ സംസ്കരണത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് പദ്ധതി ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

സി) ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ 2000-മാണ്ടിലെ മാലിന്യ പരിപാലന നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള രീതികളാണ് കേരളത്തിൽ അവലംബിച്ചു വരുന്നത്. എന്നാൽ ഇക്കാര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി വിവിധ ഏജൻസികൾ സമർപ്പിച്ചിട്ടുള്ള ആധുനിക പ്ലാന്റുകളുടെ നിർദ്ദേശങ്ങൾ സർക്കാർ രൂപീകരിച്ച ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 9.8.2011ന് ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആധുനിക മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറായി മുന്നോട്ട് വന്നിട്ടുള്ള പ്രൊമോട്ടർമാരുടെ യോഗം നടത്തുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ